LBRD-C4/52/2026-LBRD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം- ജീവനക്കാര്യം- കളമശ്ശേരി ഐ.ടി.ഐയിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി ദിവ്യ സദാനന്ദന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.554/2026/LBR തീയതി,തിരുവനന്തപുരം, 04-04-2026

---

പരാമർശം:-
1. കളമശ്ശേരി ഐ.ടി.ഐയിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി ദിവ്യ സദാനന്ദൻ 31/08/2025 തീയതിയിൽ സമർപ്പിച്ച അവധി അപേക്ഷ.
2. ട്രെയിനിംഗ് ഡയറക്ടറുടെ 27/01/2026 തീയതിയിലെ ഡി.ടി/4626/2025/എ7 നമ്പർ കത്ത്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള കളമശ്ശേരി ഐ.ടി.ഐയിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി ദിവ്യ സദാനന്ദന് കളമശ്ശേരി വനിതാ ഐ.ടി.ഐയിൽ ഇലക്ട്രോണിക്സ്-മെക്കാനിക്ക് ട്രേഡ് പഠിക്കുന്നതിന് ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ ശുപാർശ ചെയ്ത് പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കളമശ്ശേരി ഐ.ടി.ഐയിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി ദിവ്യ സദാനന്ദന് പഠനാവശ്യത്തിനായി 01/09/2025 മുതൽ 31/07/2027 വരെ (01/08/2027 പിൻചേർത്ത്), ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം I, ചട്ടം 88 പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി ദിവ്യ സദാനന്ദൻ, ഓഫീസ് അറ്റൻഡന്റ്, ഐ.ടി.ഐ, കളമശ്ശേരി (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (06/03/2026-ലെ 3430608/LBR-1/49/26-FIN നമ്പർ നോട്ട് പ്രകാരം).
വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 04-04-2026 16:21:02
സെക്ഷൻ ഓഫീസർ